25-09-2021

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -25/09/2021

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെ വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന **പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി**യിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു കൂടി സ്ഥാപിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. ഈ പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നതാണ്. കൂടുതൽ വിവിരങ്ങൾക്ക് ജില്ല കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ, **9383471797, 9383470693, 9383470068** എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ നടത്തുന്ന 2020-21 ലെ ഡിജിറ്റൽ വീഡിയോ മത്സരങ്ങളിൽ അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി ഈ മാസം 30 (**സെപ്റ്റംബർ 30**) ആണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴി കുഞ്ഞുങ്ങളുടെ ബുക്കിങ്ങ് എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപാ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471- 2730804

4. ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, വെള്ളം, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മ സംബന്ധിച്ച വിവിധ പരിശോധനകൾ നടത്തുവാനും, കാലിബ്രേഷൻ നടത്തുന്നതിനും സൗകര്യം ലഭ്യമാണ്. നിശ്ചിത ഫീസ് ഒടുക്കി കർഷകർക്കും പൊതുജനങ്ങൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി സ്റ്റേറ്റ് ഡയറി ലബോറട്ടറി പബ്ലിക് റിലേഷൻസ് ഓഫീസുമായി **0471-2440074** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ 10 ചില്ലറ വിപണികൾ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും,പഴം,പച്ചക്കറി ഉന്ത് വണ്ടികൾക്ക് (32 എണ്ണം) 15000 രൂപയും, ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 8.25 ലക്ഷം രൂപയും പദ്ധതി അധിഷ്ഠിത ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU


Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## പരിശീലന പരിപാടികൾ

6. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (25/09/2021-നു) ഉച്ചക്ക് 3 മണി മുതൽ **ഹൈഡ്രോപോണിക്സ്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 25) രാവിലെ 11 മണിക്ക് **മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ (പാൽ പുളിപ്പിച്ചുണ്ടാക്കുന്ന ഉൽപന്നങ്ങൾ – തൈര്, ലസ്സി, ശ്രീഖണ്ഡ്)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 29, 30 തീയതികളിലായി **നായ വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

9. ആതവനാട് മൃഗസംരക്ഷണപരിശീലനകേന്ദ്രത്തിൽ വച്ച് **കറവപ്പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം 27,28,29 (സെപ്തംബർ 27,28,29) തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0494-2962296,8089293728 എന്ന നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ആടു വളർത്തുന്നതിന് താൽപര്യമുള്ള 80 കർഷകർക്ക് രണ്ടു ബാച്ചുകളിലായി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒരു ദിവസത്തെ ഫാം സന്ദർശനം ഉൾപ്പെടെ നാലു ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഒക്ടോബർ 5 -ന് മുമ്പായി അപേക്ഷ പൂരിപ്പിച്ചു നൽകേണ്ടതാണ്. അപേക്ഷ ആവശ്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചാൽ അപേക്ഷാ ഫോറം അയച്ചു നൽകുന്നതാണ്. പഞ്ചായത്ത് വെറ്ററിനറി ഹോസ്പിറ്റലുകളിൽ നിന്നും അപേക്ഷയുടെ മാതൃക ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **04829-234323** എന്ന ഫോൺ നമ്പരിൽ പ്രവൃത്തി സമയത്ത് ബന്ധപ്പെടാവുന്നതാണ്.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ** എന്നിവയിൽ ഈ മാസം 29,30 (സെപ്റ്റംബർ 29, 30) തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. **റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ** എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

## കാർഷിക നിർദ്ദേശങ്ങൾ

12. നെല്ലിലെ ബാക്ടീരിയൽ ഇല കരിച്ചിലിന് മുൻകരുതലായി പച്ച ചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കാവുന്നതാണ്. 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 20 ലിറ്റർ വെള്ളത്തിൽ ഒരേക്കറിന് എന്ന തോതിൽ കലക്കി തളിച്ചാൽ ഈ രോഗത്തിനെ ഒരു പരിധി വരെ നിയന്ത്രിക്കാം.

13. തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം